# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 911 30.01.2019 -ലെ മറുപടി

### ആമയിഴഞ്ചാൻ തോട്

**ചോദ്യം**

ശ്രീ.എം.വിൻസെന്റ്

(എ) ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് ചെളിയും മാലിന്യവും നീക്കം ചെയ്യാത്തത് മൂലവും തോടിന്റെ കരയിലെ കയ്യേറ്റം മൂലവും ഉള്ളൂർ തോട്, പട്ടം തോട് എന്നിവയിൽ നിന്നുള്ള ജലം ഒഴുകുന്നതിന് തടസ്സമുണ്ടാകുന്ന എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് മൂലം ഒരു മണിക്കൂർ തുടർച്ചയായി മഴ പെയ്താൽ പോലും കുഴിവയൽ, ഗൗരീശപട്ടം ഭാഗങ്ങളിൽ വെള്ളപൊക്കമുണ്ടാകുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭാഗത്തെ ചെളിയും മാലിന്യവും നീക്കം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത ഭാഗങ്ങളിൽ നിരന്തരമായി അനുഭവപ്പെടുന്ന വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

**മറുപടി**

**കെ.കൃഷ്ണൻ കുട്ടി**
(ജലവിഭവ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ കണ്ണമ്മൂല വഴി ഒഴുകുന്ന ആമയിഴഞ്ചാൻ തോട്ടിൽ പട്ടം തോട്, പഴവങ്ങാടി തോട്, ഉള്ളൂർ തോട് എന്നിവ കണ്ണമ്മൂല പാലത്തിന് മുമ്പായി സംയോജിച്ച് ആക്കുളം തടാകത്തിൽ അവസാനിക്കുന്നു. വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടിനേയും അനുബന്ധ തോടുകളെയും കരമന, കിള്ളിയാർ എന്നീ നദികളെയും ചേർത്ത് ഒരു സമഗ്ര പദ്ധതി, RITES -ന്റെ പഠനത്തിന് അനുസൃതമായി തയ്യാറാക്കി വരികയാണ്. ഇതിൽ ആമയിഴഞ്ചാൻ തോടിലുള്ള മണ്ണും എക്കലും നീക്കാനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ